# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2947 07.11.2019 ൽ മറുപടിക്ക്**

## ശബരിമല റോഡുകളുടെ അറ്റകുറ്റപ്പണി

| ചോദ്യം<br>ശ്രീ.അനൂപ് ജേക്കബ് | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) ഈ വർഷത്തെ മണ്ഡല മകരവിളക്ക് കാലത്ത് ശബരിമല തീർഥാടകരുടെ യാത്ര സുഗമമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ;<br><br>(ബി) ഉത്സവകാലത്തിന് മുമ്പ് ശബരിമല റോഡുകളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതിനായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്; | (എ) & (ബി) | 2019-20-ലെ ശബരിമല മണ്ഡല-മകരവിളക്ക് ഉത്സവവുമായി ബന്ധപ്പെട്ട് ശബരിമലയിലേക്കുള്ള സുപ്രധാന പാതകളുടെ പുനഃരുദ്ധാരണ / പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി നിർദ്ദേശിച്ച റോഡുകളിലേയും, ഈ വർഷം ശബരിമലയുമായി ബന്ധപ്പെട്ട് പ്രധാന റോഡുകളായി തിരഞ്ഞെടുത്ത റോഡുകളുടേയും അറ്റകുറ്റപ്പണികൾക്കായി 29.06.2019-ലെ G.O. (Rt) No. 803/2019/PWD പ്രകാരം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലെ പ്രവർത്തികൾക്കായി 22,424 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. അടിക്കടിയുള്ള മഴ പ്രവർത്തികളുടെ പുരോഗതിയെ സാരമായി ബാധിക്കുന്നുണ്ട്. എന്നിരുന്നാലും അറ്റകുറ്റപ്പണികളും ഉപരിതലം ബലപ്പെടുത്തുന്ന പണികളും റോഡുസുരക്ഷാപണികളും മണ്ഡലകാലം ആരംഭിക്കുന്നതിന് മുമ്പായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഈ വർഷമുണ്ടായ പ്രളയവും ഉരുൾപൊട്ടലും ശബരിമല റോഡുകളെ ശോചനീയാവസ്ഥയിലാക്കിയിട്ടുണ്ടോ; പ്രസ്തുത റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിന് കിഫ്ബിയിൽ നിന്നും എന്തെങ്കിലും പ്രത്യേക ധനസഹായം ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഈ വർഷം ഉണ്ടായ പ്രളയവും ഇടുക്കി ജില്ലയിലെ ശബരിമല റോഡുകളെ ബാധിച്ചിട്ടുണ്ട്. ശബരിമല റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിന് നിരത്തുവിഭാഗത്തിന് കിഫ്ബിയിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ